**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**30 June 2017 / 05 Shawwal 1438 Hijira)**

# BE FOR ALLAH / അല്ലാഹുവിനു വേണ്ടി ആയിരിക്കുക

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം അല്ലാഹുവിനു വേണ്ടി ആയിരിക്കുക എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.**

അൽഹംദുലില്ലാഹ് ! അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ല നിലയിൽ നാം റമദാനിൽ കഴിഞ്ഞുകൂടുകയുണ്ടായി. പ്രസ്തുത മാസത്തിൽ ചെയ്യുവാൻ സാധിച്ച നല്ല കാര്യങ്ങളൊക്കെ വരുന്ന 11 മാസങ്ങളിൽ നാം തുടരേണ്ടതുണ്ട്. ഇൻശാ അല്ലാഹ് ! റമദാനിൽ നാം ചെയ്ത നല്ല കാര്യങ്ങൾ ചെയ്യുന്നതിൽ നാം വരും മാസങ്ങളിൽ വിജയിച്ചാൽ നാം അൽഹംദുലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ് ! എന്ന് തന്നെ പറയേണ്ടി വരും. റമദാൻ മാസം നമുക്ക് ലോഡ് കണക്കിന് ആത്മീയ അനുഗ്രഹങ്ങളും ഭൗതിക നേട്ടങ്ങളും കൊണ്ട് വന്നിട്ടുണ്ട്. ഈ നേട്ടങ്ങൾ നമ്മുടെ ഭൗതിക ശരീരത്തെയും ആത്മാവിനെയും സ്പർശിച്ചിട്ടുണ്ട്., ദൈവീക കല്പനകൾ നിറവേറ്റുന്നതിൽ അവ നമ്മെ സഹായിച്ചിട്ടുണ്ട്, കഠിനാധ്വാനത്തിലൂടെയും, കടുത്ത പ്രയത്നത്തിലൂടെയുമാണ് അവ ആർജ്ജിച്ചിട്ടുള്ളത്. നമ്മിൽ ദൗർബല്യങ്ങൾ പലതുണ്ടെങ്കിലും, അവന്റെ കല്പനകൾ പ്രാവർത്തികമാക്കുന്നതിൽ, നാം അല്ലാഹുവിനോട് സഹായം അർത്ഥിക്കുകയും, അവന്റെ കല്പനകൾ നിറവേറ്റുന്നതിൽ പരിശ്രമിച്ചിട്ടുമുണ്ട് എന്നത് സത്യമാണ്.

അത്തരം ഒരു മാസത്തിൽ ഇത്തരത്തിൽ നിങ്ങൾക്ക് കഠിനാധ്വാനം ചെയ്യുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ, അല്ലാഹുവിന്റെ സഹായത്താൽ, തുടർന്നും അതു ചെയ്യുവാൻ സാധിക്കുന്നതാണ്. നിങ്ങൾ ഇതൊക്കെ ചെയ്തത് അല്ലാഹു (ത) യുടെ

സന്തോഷം നേടുവാനും അവനിൽ നിന്നുള്ള പാപപൊറുതി ലഭിക്കുവാനുമാണ്. നിങ്ങളുടെ പ്രതിഫലമായി അല്ലാഹുവിനെ തന്നെ ലഭിക്കുന്നതുമാണ്. റമദാൻ നമ്മെ വിട്ടുപോയിരിക്കുന്നു (മൗറിഷ്യസിലായാലും ശരി, ലോകത്തിന്റെ മറ്റിതര സ്ഥലങ്ങളിലായാലും ശരി) 29, അല്ലെങ്കിൽ 30 ദിവസത്തെ ആത്മീയ പരിശീലനത്തിന് ശേഷം അതു പോയിരിക്കുന്നു. അതിലൂടെ നാം നേടിയ ആത്മീയ ചൈതന്യം വരുന്ന 11 മാസങ്ങളിൽ നിലനിർത്തുവാനും കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുവാനുള്ള ചാലകശക്തിയും ആയിരിക്കണം. ഇനി വരുന്ന റമദാൻ വരെ, ഇതിലൂടെ സമാഹരിച്ച ചൈതന്യം നമ്മിൽ നിലനിർത്തേണ്ടതുണ്ട്. നിങ്ങൾ ജാഗ്രതപുലർത്തുന്നില്ലെങ്കിൽ, ലഭ്യമായ എല്ലാ അനുഗ്രഹങ്ങളും നിങ്ങൾക്ക് നഷ്ടപ്പെടാം, അല്ലാഹു (ത) യെ പോലും നിങ്ങൾക്ക് നഷ്ടമാകാം. ഒരിക്കൽ സാത്താൻ നിങ്ങളുടെ അടുത്ത സുഹൃത്തായിരുന്നതുപോലെ, നിങ്ങൾ ആ പഴയ കാലത്തിലേക്ക് മടങ്ങി പോയെന്നു വരാം. അപ്പോൾ റമദാൻ നമുക്ക് എന്തു നേട്ടമാണ് നേടിതന്നത് ? പ്രസ്തുത അനുഗ്രഹീത മാസത്തിൽ അനേകം ത്യാഗങ്ങൾ വരിച്ചു, എന്നാൽ റമദാൻ പോയി കഴിഞ്ഞപ്പോൾ, നാം ചെയ്ത നല്ല പ്രവർത്തനങ്ങളും റമദാനോടൊപ്പം നമ്മളിൽ നിന്നും പോയി മറഞ്ഞോ ? മുൻപത്തെപോലെ അനിസ്ലാമിക ദിനചര്യയിലേക്ക് നാം മടങ്ങിപോവുകയാണോ ? ഇങ്ങനെയാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ, റമദാനിൽ നിങ്ങൾ വ്രതമനുഷ്ഠിച്ചതും, ശുഷ്ക്കാന്തിയോടെ നിങ്ങൾ അല്ലാഹുവിന്റെ തൃപ്തിക്കായി അധ്വാനിച്ചതും, അല്ലാഹുവിനെ തന്നെ പ്രതിഫലമായി ലഭിക്കുന്നതിനുള്ള അധ്വാനവും എല്ലാം വൃഥാവിലായി വിശുദ്ധഖുർആനിൽ, അല്ലാഹു (ത) പറഞ്ഞതുപോലെ, നിങ്ങൾ ചെയ്ത ഈ പ്രവർത്തികൾ, നിങ്ങളെ നഷ്ടത്തിലേക്കാണ് നയിച്ചത് (റമദാൻ നിങ്ങൾക്ക് ഒരു പ്രയോജനവും നല്കിയില്ലെങ്കിൽ) പകരം നിങ്ങൾക്ക് അല്ലാഹുവിന്റെ ക്രോധമാണ് നല്കിയത്. കാരണം നിങ്ങൾ ഇഹലോക ആകർഷണങ്ങളിൽ അകപ്പെട്ടതുമൂലം, നിങ്ങൾ സത്പ്രവർത്തനങ്ങളിൽ നിന്നും ബഹുദൂരം അകന്നു പോയിരിക്കുന്നു, അതിലൂടെ ദൈവീക ശിക്ഷയ്ക്കുള്ള പാതയിലൂടെയാണ് ഗമനം തുടർന്നത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ നിങ്ങൾ

സാത്താനെതിരിലുള്ള ജിഹാദ് (പരിശുദ്ധ യുദ്ധം) ചെയ്യുന്നതിൽ വിജയിച്ചില്ല. അവനെ പ്രതിരോധിക്കുവാനോ കീഴ്പ്പെടുത്തുവാനോ നിങ്ങൾക്ക് കഴിഞ്ഞില്ല. അവനെ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യിക്കുവാനും സാധിച്ചില്ല. അവനെ ആത്മാർത്ഥതയുള്ള ഒരു മുസ്ലിം വിശ്വാസി ആയി മാറ്റുവാനും കഴിഞ്ഞില്ല.

റമദാൻ വിടപറഞ്ഞതിനു ശേഷം നമുക്ക് (അതായത് മുസ്ലിംകൾക്ക്) നമ്മിൽ കൂടികൊണ്ടിരുന്ന തിന്മകളെ അകറ്റുവാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ അർത്ഥം കഴിഞ്ഞില്ല എന്നാണ്. ആയതിനാൽ നിങ്ങൾ (റമദാന് ശേഷം ആത്മീയാനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തിയവർ) അല്ലാഹുവിൽ നിന്നു റമദാനിലൂടെ നിങ്ങൾ ഒരിക്കൽ നേടിയ വിലപിടിച്ച പ്രതിഫലങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുന്നു. ഒരു നിഷ്ക്കളങ്ക വിശ്വാസി, അല്ലാഹുവിനെ അധികമായി സ്നേഹിക്കുന്ന വിശ്വാസി, അവൻ ചെയ്യുന്ന ഓരോ നന്മയ്ക്കും, ദൈവീക നിയമപ്രകാരം അവനോട് / അവളോട് വാഗ്ദാനം ചെയ്തിരിക്കുന്ന ഒരു പ്രതിഫലമുണ്ട് എന്നറിഞ്ഞിരിക്കണം. ആ പ്രതിഫലം ഒരു നിസ്സാര പ്രതിഫലമല്ല എന്നും അറിയേണ്ടതാണ്. അതിന്റെ പ്രതിഫലം നല്കുന്ന ആളാണ് അതിന്റെ മൂല്യം നിശ്ചയിക്കുന്നത്. ഒരു സാധാരണ മനുഷ്യൻ നല്കുന്ന ഒരു സംഭാവനയും ഒരു രാജാവ് നല്കുന്ന സംഭാവനയും തമ്മിൽ വളരെ വലിയ അന്തരമുണ്ട്. ഇവിടെ അത് വെളിപ്പെടുത്തേണ്ട കാര്യമില്ല (കാരണം അത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്)

അല്ലാഹു(ത) യിൽ നിന്നുള്ള പ്രതിഫലം, പരമോന്നതനായ സൃഷ്ടാവിൽ നിന്നുള്ള പ്രതിഫലത്തെ മറികടന്നുള്ള പ്രതിഫലം നല്കുവാൻ മറ്റാർക്കും സാധിക്കുകയില്ല. പ്രസ്തുത പ്രതിഫലം വില നിശ്ചയിക്കാവതല്ല. താരതമ്യപ്പെടുത്താവുന്നുതുമല്ല. ഒരിക്കലും അവസാനിക്കാത്ത അത്തരം പ്രതിഫലങ്ങൾ അളന്ന് തിട്ടപ്പെടുത്തുവാൻ വല്ല അളവുകോലും ലഭ്യമാണോ? തീർച്ചയായും ഒരിക്കലുമില്ല നമ്മെ പഠിപ്പിച്ചിരിക്കുന്നത്, നമ്മെ അറിയിച്ചിരിക്കുന്നത് നാം പ്രതീക്ഷിക്കുന്ന കാര്യത്തിന് ഒരാശയം ലഭിക്കുന്നതിനു വേണ്ടിയാണ്.. അത്തരം പ്രതിഫലങ്ങൾ യഥാർത്ഥത്തിൽ എല്ലാവരുടെയും

പ്രതീക്ഷകൾക്കപ്പുറമായിരിക്കും. യഥാർത്ഥത്തിൽ ഇത് വിവരണാതീതമായ പ്രതിഫലം തന്നെ ആയിരിക്കും. റമദാൻ മാസത്തിൽ നാം എല്ലാവരും ജീവിച്ചിരുന്നു. അതിനു തുല്യമായ ഒരു പ്രതിഫലമല്ല അല്ലാഹു നമ്മുടെ മേൽ ചൊരിയുന്നത്. മറിച്ച് ഈ ലോകത്തേക്കാളും ഇതിൽ ഉൾക്കൊള്ളുന്നതിനെക്കാളും മേന്മയേറിയ പ്രതിഫലമായിരിക്കും ലഭിക്കുക.

ഭൂമിയിൽ നമുക്ക് വസ്തു വാങ്ങുവാൻ കഴിയുന്നു. നമ്മിൽ ചിലർ ഉന്നതസൗധം വാങ്ങുന്നു. ചിലർ വാടകയ്ക്ക് എടുക്കുന്നു. മറ്റു ചിലർ സ്ക്വയർമീറ്റർ കണക്കിന് വാങ്ങുന്നു. വസ്തു വാങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ രീതി അനുസരിച്ചായിരിക്കും വാങ്ങുക. ഈ വ്യാപാരം നല്ല നിലയിൽ അറിയാവുന്നവർക്ക് (വസ്തു വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നവർക്ക്)വസ്തുവിന്റെ യഥാർത്ഥവില അറിയാൻ കഴിയുന്നു. വിവിധ സ്ഥലങ്ങളിൽ എന്ത് വില ഉണ്ട് എന്ന് അവർക്കറിയാം. ഒരു പ്രത്യേകസ്ഥലത്ത് വസ്തു വാങ്ങുന്നതിനായി പണം കടം എടുക്കുന്നതിന് ഒരു വ്യക്തി തയ്യാറായേക്കാം. അതിൽ ഒരു നല്ല വീട് നിർമ്മിക്കുകയും ചെയ്യും. അതിനായി അവൻ പണം കടം എടുക്കുന്നു. ധനകാര്യ സ്ഥാപനത്തിൽ നിന്നും ലോൺ എടുക്കുവാനും മടിക്കില്ല. ചിലപ്പോൾ അത് 10 വർഷത്തേക്ക് പലിശ സഹിതമായിരിക്കും. അങ്ങനെ അവൻ പ്രസ്തുത വായ്പയുടെ അടിമ ആയിതീരുന്നു. മൂലധനത്തോടൊപ്പം അവൻ പലിശയും കൊടുക്കേണ്ടി വരുന്നു. ഈ പ്രകീയ അവന് രണ്ടു മൂന്ന് മടങ്ങ് മാനസിക വ്യഥപ്രദാനം ചെയ്യുന്നു. തന്മൂലം അവന്റെ ആരോഗ്യം ക്ഷയിക്കുന്നു. അവന് ഈ കാലയളവിൽ ഒരു മനസമാധാനവും ഉണ്ടായിരിക്കില്ല. അവൻ ഉറക്കവും സമാധാനവും നഷ്ടപ്പെട്ടവനായിതീരുന്നു. അവൻ വളരെ വലിയ മാനസിക സംഘർഷത്തിൽ കഴിയേണ്ടി വരുന്നു. ഇതിനെല്ലാം കാരണം ഒരിക്കൽ അവൻ ഉപേക്ഷിച്ചു പോകേണ്ടി വരുന്ന താത്ക്കാലിക കാര്യങ്ങൾ നേടുന്നതിനുള്ള അവന്റെ ഇച്ഛയാണ് തീർച്ചയായും മരണം നിങ്ങളെ മാടി വിളിക്കുമ്പോൾ നിങ്ങളുടെ വായ്പകൾ അടച്ചു തീർക്കുന്നതിൽ നിങ്ങൾ വിജയിച്ചില്ലെങ്കിൽ, നിങ്ങളിൽ നിന്നും അതെല്ലാം തിരികെ എടുക്കുന്നതാണ്. (അത് വില്പനയിലൂടെയോ,

ലേലത്തിലൂടേയോ) ആകാം. ഇങ്ങനെ സംഭവിച്ചാൽ നിങ്ങൾ നിരാശനായി തീരുന്നു. ഭാവിയിലേക്ക് യാതൊരു പ്രത്രീക്ഷയുമില്ലാത്തവനായി തീരുന്നു.

എന്നാൽ, ഇവിടെ, നിങ്ങൾ നേടിയ ആത്മീയ നിധി (ദൈവേഛയ്ക്കായി സകലതും സമർപ്പിക്കുകയും റമദാന് ശേഷവും സത്പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരുന്നാൽ) നിങ്ങൾക്ക് നിങ്ങളുടെ സൃഷ്ടാവിനെ തന്നെയാണ് പ്രതിഫലമായി കിട്ടുന്നത്. അവൻ തന്നെയാണ് നിങ്ങളെ സൃഷ്ടിച്ചത്, അവൻ തന്നെയാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത്, ഈ പ്രപഞ്ചത്തിൽ ഉൾകൊള്ളുന്നതെല്ലാം സൃഷിടിച്ചത് അവൻ തന്നെയാണ്, എല്ലാം അവനുള്ളതു മാത്രമാണ്. അവനെ നേടുക, എന്നത്, അവന്റെ നിർദ്ദേശങ്ങൾ പിൻതുടരുക എന്നതുമാത്രമാണ്. അവൻ പ്രവർത്തിക്കുവാൻ പറഞ്ഞത് പ്രവർത്തിക്കുക, അവൻ വിലക്കിയത് ചെയ്യാതിരിക്കുക. അവന്റെ സന്ദേശത്തെ അംഗീകരിക്കുക, അവൻ നിയോഗിച്ച അവന്റെ ദൂതനിലൂടെ ലഭ്യമായ സന്ദേശം !

നിങ്ങളെ അലട്ടുന്ന ഒരു കടവുമില്ല അതൊരു വായ്പ ആയാലും ശരി, അതിന്റെ പലിശ ആയാലും ശരി. അതിന്റെ പ്രതിഫലം, അതു നേടുന്നത് ഈ ലോകത്തും അതുപോലെ പരലോകത്തുമായിരിക്കും. ദൈവീക കല്പനകൾ പിൻതുടരുന്നതിലൂടെയാണ് നിങ്ങൾ അത് കരസ്ഥമാക്കുക, നിങ്ങൾക്ക് സമാധാനം നേടാൻ കഴിയും അതൊടൊപ്പം മനസമാധാനവും. ഒരു ബുദ്ധിമുട്ടുമില്ലാതെ നിങ്ങൾ ഉറങ്ങും. ഈ താത്ക്കാലിക ലോകം നിങ്ങൾ ഉപേക്ഷിക്കുമ്പോൾ, നിങ്ങൾ സന്തോഷപൂർവ്വം ഇവിടെ നിന്നും വിടവാങ്ങുന്നു. എന്തുകൊണ്ട് ? കാരണം നിങ്ങളുടെ മേൽ അധിക്ഷേപങ്ങളൊന്നുമില്ല. നിങ്ങളുടെ സൃഷ്ടാവ് നിങ്ങളോട് പറഞ്ഞതുനസരിച്ചുള്ള കാര്യങ്ങളെല്ലാം ചെയ്തു. നിങ്ങൾ അവനെ കണ്ടുമുട്ടുന്നതിനായി പോകുന്നതിന് സന്തോഷവാനാണ് (അന്തിമമായ കൂടികാഴ്ചയ്ക്കായി) തീർച്ചയായും നിങ്ങളെ വളരെയധികം പ്രതിഫലങ്ങളാൽ അനുഗ്രഹികപ്പെടുന്നതാണ്. അത്തരം പ്രതിഫലങ്ങൾക്ക് അവൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. സന്തോഷപൂർവ്വം നിങ്ങൾ ഇഹലോകത്തു നിന്നും

വിടവാങ്ങുന്നു. കാരണം നിങ്ങൾ നന്മയുടെ വിത്തുകൾ വിതച്ചിരിക്കുന്നു. കൊയ്ത്തുകാലം മധുരഫലങ്ങൾ ധാരാളം ലഭിക്കുന്നതാണ്. അത് ശാശ്വതമായ പാരത്രിക ഭവനത്തിൽ ലഭ്യമാണ്. നിങ്ങൾ നിങ്ങളുടെ സൃഷ്ടാവിനെ സ്നേഹിച്ചു നിങ്ങൾ ഭൂമിയിൽ ഉണ്ടായിരുന്നിടത്തോളം കാലം. നിങ്ങളുടെ സൃഷ്ടാവ് നിങ്ങളെ തൃപ്തിപ്പെടത്തക്ക നിലയിലുള്ള പ്രവർത്തനങ്ങൾ നിങ്ങൾ നിങ്ങളുടെ ജീവിതത്തിലുട നീളം ചെയ്തുകൊണ്ടിരുന്നു.

ആയതിനാൽ നാം സാത്താന്റെ കെണിയിൽ അകപ്പെടരുത്. റമദാൻ മാസത്തിലെ നല്ല പ്രവർത്തനങ്ങൾക്കു ശേഷം ! പ്രസ്തുത മാസത്തിൽ സുന്നത്തായ പ്രവർത്തിക്ക് ഫർല് ന് ലഭിക്കുന്ന പ്രതിഫലമാണ് ലഭിച്ചത്. ഒരു ഫർല് ആയ പ്രവർത്തിക്ക് കണക്കറ്റ പ്രതിഫലമാണ് ലഭിച്ചത്. ഈ പ്രതിഫലം വളരെ വലതുതന്നെയാണ്. അത് നമ്മുടെ പ്രതീക്ഷകൾക്കും അപ്പുറമാണ്. ഇത് നമുക്ക് നല്കുന്നതു അല്ലാഹു തന്നെയാണ് നമ്മുടെ എല്ലാ തെറ്റുകുറ്റങ്ങളും അവൻ മാപ്പാക്കുന്നു. ആത്മീയ സ്നാനത്തിനായി ഈ മാസത്തിലെ ഓരോ നിമിഷവും പ്രയോജനപ്പെടുത്തുവാൻ അവൻ നമുക്ക് ഭാഗ്യം ഒരുക്കിയിരിക്കുകയാണ്. നമ്മുടെ ശരീരവും ആത്മാവും പവിത്രീകരിക്കുവാനായി അവൻ നമുക്ക് അനുഗ്രഹം നല്കിയിരിക്കുകയാണ്. നമ്മുടെ ശരീരത്തിന് നല്ല നിലയിലുള്ള ശുദ്ധീകരണമാണ് ഇതിലൂടെ അവൻ പ്രദാനം ചെയ്തിരിക്കുന്നത്. തീർച്ചയായും ഇത് രണ്ടും വിഭജിക്കാവതല്ല. ആത്മീയ സ്നാനവും ശാരീരിക തേച്ചുമിനുക്കലും നടത്തപ്പെടുന്നു. അധികപ്പറ്റായ സാധനങ്ങളൊക്ക പുറത്തു കളഞ്ഞ് ശുദ്ധമാക്കപ്പെടുന്നു. അങ്ങനെ നമ്മുടെ ആത്മാവ് പവിത്രീകരിക്കപ്പെടുന്നു. ഒരു പുതുജന്മം തന്നെ ഉണ്ടാകുന്നു. നവജാതശിശുവിനെപോലെ അവൻ നിർമ്മലനായിരുന്നു. പാപരഹിതനായിതീരുന്ന ശരീരം ശുദ്ധമായിരിക്കുന്നു.

## ഇതു സംബന്ധമായി ഗാഢമായി ചിന്തിക്കുക.

ഇഹലോകത്തിനായി, നിങ്ങൾ ഉദ്ദേശിക്കുന്നത് നേടാനായി, എന്തുതന്നെ വേണമെങ്കിലും പണയപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണ്. അത് പണം കടം

എടുത്തു പലിശ കൊടുത്താണെങ്കിൽ പോലും ! എന്നാൽ ശാശ്വതമായ നന്മയ്ക്കു വേണ്ടിയുള്ളത് നിങ്ങൾ അവഗണിക്കുകയും ചെയ്യുന്നു. ദൈവീക പ്രതിഫലത്തിന്റെ അപാരമായ വാഗ്ദാനങ്ങളെ ഒരു വശത്തേക്ക് തള്ളിക്കളഞ്ഞ് ഭൗതിക കാര്യങ്ങൾ നേടുന്നതിന് എങ്ങനെയാണ് താത്പര്യപൂർവ്വം വർത്തിക്കുവാൻ കഴിയുന്നത് ? ഇത് സ്വർണ്ണവും വജ്രവും വലിച്ചെറിഞ്ഞ് പ്രസ്തുതസ്ഥാനത്ത് പാറക്കല്ലുകൾ വെയ്ക്കുന്നപോലെയാണ് ! ഇത് വിവേകമുള്ള ഒരു വ്യക്തിയുടെ പ്രവർത്തിയായി കണക്കാക്കാവുന്നതല്ല. അവൻ വലിച്ചെറിയുന്നതിന്റെ വില എന്താണെന്നറിയാത്ത ഒരുവനെ പോലെയാണ്. അപ്പോൾ, ആരാണോ ഇഹലോകത്തിനു വേണ്ടി കൂടുതൽ ചാഞ്ഞ് നില്ക്കുന്നത്, പരലോകത്തെ അവഗണിക്കുകയും ചെയ്യുന്നത്. അവൻ തീർച്ചയായും വിഡ്ഢിതന്നെയാണ്. അവൻ അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമില്ലാത്തവനാണ്. അവന് ആവശ്യമായ ദൃഢവിശ്വാസമില്ല ഓരോ നല്ല പ്രവർത്തിക്കും അല്ലാഹു (ത) വാഗ്ദാനം ചെയ്തിരിക്കുന്ന പ്രതിഫലത്തെകുറിച്ച് അവനുറപ്പില്ല. മതത്തിന്റെ യഥാർത്ഥ അനുചരന്മാർ അതായത് യഥാർത്ഥ വിശ്വാസികൾ, അവരുടെ ഇബാദത്തിന് പകരം താത്ക്കാലിക പ്രതിഫലങ്ങൾക്കായി ഭൗതിക സാധനങ്ങളുടെ പിറകെ പോകുവാൻ തയ്യാറാകുന്നവരല്ല. അവർ അന്വേഷിക്കുന്നത് ശാശ്വതമായതാണ്. അവർ ലക്ഷ്യം വെയ്ക്കുന്നത് പ്രതിഫലമായി അല്ലാഹു (ത) യെ ലഭിക്കുവാനാണ്. തീർച്ചയായും വിശ്വാസികൾക്കിടയിലും, അല്ലാഹുവിന്റെ മുൻപിലും അവർക്ക് പ്രത്രേക പദവി ഉണ്ടായിരിക്കുന്നതാണ്. അല്ലാഹു (ത) അവന്റെ മറ്റു വിശ്വാസികളായ ദാസന്മാരെ സ്നേഹിക്കുന്നില്ല എന്ന് ഇതിനർത്ഥമില്ല. അവരുടെ വിശ്വാസത്തിന്റെ നില അനുസരിച്ച്, അവരുടെ നല്ല ഉദ്ദേശ്യങ്ങൾക്കനുസരിച്ച് അവരെ സ്നേഹിക്കുകയും, അവർക്ക് പ്രതിപലം നല്കുകയും ചെയ്യുന്നു. അല്ലാഹു (ത) തെരഞ്ഞെടുത്ത സേവകരെ സംബന്ധിച്ചടത്തോളം അവരുടെ പദവിയും നിലയും അല്ലാഹുവിന്റെ കണ്ണുകളിൽ വളരെ വലുതാണ്, കാരണം അല്ലാഹു (ത) അവരെ സൃഷ്ടിച്ചത് ഒരു പ്രത്യേക ജോലി ഭൂമിയിൽ നിർവ്വഹിക്കുന്നതിനു വേണ്ടിയാണ്. തീർച്ചയായും അതുകൊണ്ട് അവരുടെ പദവി, ഭൂമിയിലെ മറ്റു സ്വാതികരായ വിശ്വാസികൾക്ക് മുകളിലാണ്.

ആയതിനാൽ, വിശ്വാസികളായ ആളുകൾ ബോധവാന്മാരും ആത്മവിശ്വാസം സ്ഫുരിക്കുന്നവരും ആത്മാർത്ഥവിശ്വാസികളും ദൃഢവിശ്വാസികളുമായിരിക്കും. അതായത് അവരുടെ പ്രതിഫലം അല്ലാഹു (ത) നല്കുന്നത് ഈ താത്ക്കാലിക ലോകത്തെക്കാളും അതിലുള്ളതിനേക്കാളും അപ്പുറത്തായിരിക്കും എന്നവർ ദൃഢമായി വിശ്വസിക്കുന്നവരായിരിക്കും. അറിവില്ലാത്തവരെ സംബന്ധിച്ചിടത്തോളം ഇതൊരു അതിശയോക്തിയായി തോന്നാം. എന്നാൽ യഥാർത്ഥ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇത് നിഷേധിക്കുവാൻ കഴിയാത്ത ഒരു സത്യവസ്തുതയാണ്. അവർ സ്വയം അല്ലാഹുവിനായി അവരെ സമർപ്പിക്കുന്നു. അവർ അല്ലാഹുവിൽ മനഃസമാധാനം കണ്ടെത്തുന്നു. അവർ അവരുടെ സകല കാര്യങ്ങളും അവനിൽ ഭരമേല്പിക്കുന്നു.

സാത്താന്റെ ആക്രമണങ്ങളിൽ നിന്നും നമ്മുടെ പ്രീയ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) യുടെ ഉമ്മത്തിനെ അല്ലാഹു (ത) സംരക്ഷിക്കട്ടെ ! അത് നമ്മിൽ നിന്ന് തന്നെ ആയാലും ശരി, പുറമെ നിന്നായാലും ശരി, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹു (ത) അവന്റെ ഖലീഫയെ നിങ്ങളിലേക്ക് അയ്ച്ചിരിക്കുകയാണ്. അവന്റെ മാർഗദർശനത്തിലൂടെ ദൈവീക കല്പനകൾ പിന്തുടരുന്നതിലൂടെ നിങ്ങൾക്ക് പ്രയോജനങ്ങൾ നേടുന്നതിനായി. ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനത്തിലേക്ക് അല്ലാഹു (ത) നിങ്ങളുടെ ഹൃദയങ്ങൾ തുറക്കട്ടെ ! അങ്ങനെ നിങ്ങൾ യഥാർത്ഥ മുസ്ലിംകളായി തീരട്ടെ ! നാവിൽ മാത്രമുള്ള മുസ്ലിംകളല്ല ! പ്രവർത്തിയിലുടെയുള്ള മുസ്ലികൾ ! നിഷ്ക്കളങ്ക ഹൃദയമുള്ള മുസ്ലിംകൾ ! ഇൻശാ അല്ലാഹ് ! ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**